## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 479 30.06.2014 -ലെ മറുപടിയ്ക്ക്

## പുതിയ ജീവനക്കാർക്ക് പരിശീലനം

ചോദ്യം
ശ്രീ. ടി. യു. കുരുവിള.
ശ്രീ. സി. എഫ്. തോമസ്.

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിൽ നിന്നുള്ള സേവനങ്ങൾ കംപ്യൂട്ടറിന്റെയും മറ്റ് ആധുനിക സാങ്കേതിക വിദ്യകളുടെയും സഹായത്തോടെ വേഗത്തിൽ ലഭ്യമാക്കുവാൻ സമൂല ഭരണ പരിഷ്കാരം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം വിവിധ വകുപ്പുകളിലായി നടപ്പിലാക്കി വരുന്നു. ഇ - ഗവേണൻസ് സംവിധാനങ്ങൾ നടപ്പാക്കുന്നതിലൂടെ വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭിക്കുന്നതാണ്. പൊതുരംഗത്തെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഇ -ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനം എടുക്കുവാനും നടപടിക്രമങ്ങൾ സുതാര്യമാക്കുവാനും വേണ്ടി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, DDFS, e-Office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഇ - പേയ്മെന്റ്, ഇ - ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിൽ ഇ - സർവ്വീസസ് നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന ഇ - ഡിസ്ട്രിക്ട് പദ്ധതി ആവിഷ്ക്കരിച്ചി |

| | | | |
|---|---|---|---|
| | | | ട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും പരാതികൾ സ്വീകരിക്കുന്നതിനായി "Citizen Helpdesk"എന്ന പേരിൽ പുതിയ ഒരു സംരംഭം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ജീവനക്കാർക്ക് മതിയായ പരിശീലനം ലഭിക്കാത്തത് സർക്കാരിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു തടയാൻ പുതിയ ജീവനക്കാർക്ക് രണ്ടു മാസത്തെ പരിശീലനം നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | എല്ലാ സർക്കാർ ജീവനക്കാർക്കും വികസനോൻമുഖമായ പരിശീലനം നൽകണമെന്നതാണ് സർക്കാർ നയം. കേരള സംസ്ഥാന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻ നിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകമായ പരിശീലനപരിപാടികൾ ഐ.എം.ജി.യിൽ നടത്തുന്നുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കുള്ള ഇൻഡക്ഷൻ പരിശീലനവും ഇതിൽപ്പെടും. 12 ദിവസം വീതം ദൈർഘ്യമുള്ള 20 പരിശീലന പരിപാടികൾ ഈ വർഷത്തെ പരിശീലന കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ഇൻഡക്ഷൻ പരിശീലനം നിർബന്ധമാക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ 3 വർഷം നടത്തിയ ഇൻഡക്ഷൻ പരിശീലനങ്ങളുടെ ഇംപാക്ട് അസസ്മെന്റ് ഉൾപ്പെടുത്തി ഇൻഡക്ഷൻ പോളിസിയുടെ ഒരു കരട് സമർപ്പിക്കുവാൻ ഐ.എം.ജി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന് ഐ.എം.ജിയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ